തലശ്ശേരി–മേലൂട്ട് മാപ്പുര റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം

84(T 4365) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി-മേലൂട്ട് മാപ്പുര റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനം ത്വരിതപ്പെടുത്താൻ റെയിൽവേയുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ :

(സി) ആയതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി&സി) ഉദിക്കുന്നില്ല.

വെങ്ങാലി ഫ്ളൈഓവറിന്റെ ചെലവ്

85(4366) ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എൻ. എച്ച്. 17 റോഡിൽ വെങ്ങാലി റെയിൽവേ ഗയ്റ്റിന്റെ മുകളിൽ പണിയുന്ന ഫ്ളൈഓവറിന് ആകെ എത്ര രൂപയാണ് മതിപ്പ് ചെലവ് കണക്കാക്കിയിരിക്കുന്നത് ;

(ബി) ഇപ്പോൾ എത്ര രൂപയുടെ പണി പൂർത്തിയായിട്ടുണ്ടെന്നും എത്ര രൂപ നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ ഫ്ളൈഓവർ എന്ന് പൂർത്തിയാക്കി വാഹനഗതാഗതത്തിന് തുറന്നുകൊടുക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 5.13 കോടി രൂപ.

(ബി) ഇതേവരെ നടത്തിയ പണികൾക്ക് കരാറുകാരന് 3.11 കോടി രൂപ നൽകിയിട്ടുണ്ട്.

(സി) ഓക്ടോബർ മാസത്തിൽ ഫ്ളൈഓവർ ഗതാഗതയോഗ്യമാക്കാൻ കഴിയുംവിധം നിർമ്മാണ ജോലികൾ പുരോഗമിച്ചുവരുന്നു.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly